# മഹാത്മാ ഗാന്ധി സർവ്വകലാശാല

പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം
*പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം-* 686560
***ഫോൺ:*** 0481-2733370

## വാർത്താക്കുറിപ്പ്

**2026 ഫെബ്രുവരി 16**

---

## എം.ജിയിൽ പുസ്തകപ്രകാശനം ഇന്ന്

*മഹാത്മാഗാന്ധി സർവ്വകലാശാല സ്കൂൾ ഓഫ് ലെറ്റേഴ്സിലെ ഗവേഷകൻ വിഷ്ണു രവി രചിച്ച 'പ്രതിവായനകൾ: നവസാംസ്കാരിക പഠനങ്ങൾ' എന്ന പുസ്തകത്തിന്റെ പ്രകാശനം ഇന്ന് (ഫെബ്രുവരി 17) നടക്കും.സ്കൂൾ ഓഫ് ലെറ്റേഴ്സ് സെമിനാർ ഹാളിൽ നടക്കുന്ന ചടങ്ങിൽ വൈസ് ചാൻസലർ പ്രൊഫ. ഡോ.സി.ടി. അരവിന്ദകുമാർ പുസ്തകം പ്രകാശനം ചെയ്യും.*

*പാലാ സെന്റ് തോമസ് കോളേജ് പ്രിൻസിപ്പാൾ പ്രൊഫ.ഡോ. സിബി ജെയിംസ് ആദ്യ കോപ്പി ഏറ്റുവാങ്ങും. സ്കൂൾ ഓഫ് ഇന്റർനാഷണൽ റിലേഷൻസിലെ അസോസിയേറ്റ് പ്രൊഫസർ ഡോ. അമൽ പുല്ലാർക്കാട്ട് പുസ്തകം പരിചയപ്പെടുത്തും. രാവിലെ 11 മണിക്ക് സ്കൂൾ ഓഫ് ലെറ്റേഴ്സ് ഡയറക്ടർ പ്രൊഫ.ഡോ.സജി മാത്യുവിന്റെ അധ്യക്ഷതയിൽ ചേരുന്ന ചടങ്ങിൽ പ്രൊഫ. ഡോ.പി.എസ്. രാധാകൃഷ്ണൻ, ഡോ. ദീപ റേച്ചൽ തോമസ്, കൃപ ജോൺ, അർജുൻ മോഹൻ തുടങ്ങിയവർ സംസാരിക്കും.*

*ചടങ്ങിന്റെ ഭാഗമായി മുഖ്യമന്ത്രിയുടെ നവകേരള പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പ് പൂർത്തിയാക്കിയ ഡോ. ചൈതന്യ ആന്റണിയെയും, 180-ഓളം ഭാഷകളിൽ ഗാനാലാപനം നടത്തുന്ന സൗപർണിക താൻസെനെയും ആദരിക്കും.*

*(പി.ആർ.ഓ/39/138/2026)*

## പരീക്ഷാഫലം

*മൂന്നാം സെമസ്റ്റർ മാസ്റ്റർ ഓഫ് ലൈബ്രറി ആൻഡ് ഇൻഫർമേഷൻ സയൻസ് (2024 അഡ്മിഷൻ റഗുലർ, 2023 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2020 മുതൽ 2023 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ്) നവംബർ 2025 പരീക്ഷാഫലം പ്രസിദ്ധീകരിച്ചു.*

*പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും ഫെബ്രുവരി 26 വരെ ഓൺലൈനിൽ  അപേക്ഷിക്കാം.*

*(പി.ആർ.ഓ/39/139/2026)*

## <u>പ്രാക്ടിക്കൽ</u>

*ഒന്നു മുതൽ എട്ടു വരെ സെമസ്റ്ററുകൾ ബി.ടെക്ക് മെക്കാനിക്കൽ എഞ്ചിനിയറിംഗ് (2010 മുതലുള്ള അഡ്മിഷനുകൾ മെഴ്സി ചാൻസ്) ജൂലൈ 2024 ന്റെ പ്രാക്ടിക്കൽ പരീക്ഷകൾ  ഫെബ്രുവരി 21ന് പാത്താമുട്ടം സെൻറ് ഗിന്റസ് കോളേജിൽ നടക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.*

*(പി.ആർ.ഓ/39/140/2026)*

**പബ്ലിക് റിലേഷൻസ് ഓഫീസർ**